22 (1613) നേവൽ അക്കാദമിയുടെ പ്രവർത്തനങ്ങൾ

ശ്രീ. എം. നാരായണൻ(ഹോസ് ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഏഴിമല നേവൽ അക്കാഡമിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) നേവൽ അക്കാദമിക്കാവശ്യമായ എന്തെല്ലാം എത്ര; കേന്ദ്ര പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്; സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴിമല നേവൽ അക്കാഡമിയുടെ നിർമ്മാണം കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. പ്രാഥമികഘട്ടം പണികളാണ് ഇപ്പോൾ നടന്നുവരുന്നത്. സംസ്ഥാന സർക്കാർ ചെയ്തു കൊടുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഭൂമി ഏറ്റെടുത്തു നൽകൽ, ജലവിതരണം, വൈദ്യുതി, റോഡുകൾ, പാലങ്ങൾ തുടങ്ങിയവ മിക്കവാറും പൂർത്തിയായിട്ടുണ്ട്. അക്കാഡമിക്കാവശ്യമായ 2359 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. വൈദ്യുതി നൽകുന്നതിലേക്ക് 500 കിലോവാട്ട് ശക്തി നൽകത്തക്കവിധം ഉദ്ദേശം 10.കിലോമീറ്റർ ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 110 കെ.വി. ലൈനിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിയുടെ ആവശ്യത്തിലേക്കായി ഒൻപതു റോഡുകളുടെയും പാലക്കോട് പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അക്കാഡമിക്കാവശ്യമായ ജലം നൽകുന്നതിലേക്കാവശ്യമായ പണികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഏട്ടിക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ അക്കാദമി പരിസരത്തേക്ക് കെ. എസ്.ആർ.ടി.സി ബസ് ഓടിക്കാനും തുടങ്ങിയിട്ടുണ്ട്.

(ബി) നേവൽ അക്കാദമിയുടെ നിർമ്മാണപ്രവർത്തനത്തിനാവശ്യമായ ഭൂമി, ജലവിതരണം, വൈദ്യുതിവിതരണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളാണ് സംസ്ഥാനസർക്കാർ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നത്. ഇതിലേക്ക് സംസ്ഥാന സർക്കാർ ഇതിനകം ഉദ്ദേശം 44.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഒന്നാം ഘട്ട പണികൾക്കായി കേന്ദ്ര സർക്കാർ 1994ലെ വില സൂചികയനുസരിച്ച് 166.94 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 1998 അവസാനം വരെ കേന്ദ്രസർക്കാർ 1364.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

23 (1614) പത്രപ്രവർത്തകർക്കായുള്ള പെൻഷൻ കമ്മിറ്റി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കായുള്ള പെൻഷൻ മാനേജിംഗ് കമ്മിറ്റി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്ന് പെൻഷൻ കാര്യത്തിലുള്ള തീരുമാനം യഥാസമയം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ബി) പത്രപ്രവർത്തകർക്ക് പാസാക്കിയ പെൻഷൻ, സാങ്കേതികത്വത്തിന്റെ പേരിൽ വച്ചുതാമസിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പാസാക്കിയ പെൻഷൻ എത്രയും വേഗം നൽകുന്നതി നാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി)&(സി) പത്രപ്രവർത്തക പെൻഷൻ പാസ്സാക്കുന്നതിന്റെ അടുത്ത മാസം മുതൽ പെൻഷൻ തുക അയയ്ക്കുന്നുണ്ട്. താമസം സംഭവിക്കുന്നില്ല.

24 (1615) ജനകീയാസൂത്രണ പരിപാടി സംബന്ധിച്ച പരാതികൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം സംബന്ധിച്ച പരാതികളിൻമേൽ സംസ്ഥാ നത്തെ ഏതൊക്കെ തദ്ദേശഭരണസ്ഥാപനങ്ങളെക്കുറിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയെന്നു അറിയിക്കുമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളെ സംബന്ധിച്ച് അന്വേഷണം നടന്നു വരുന്നു;

(സി) ഏതൊക്കെ സ്ഥാപനങ്ങളെ സംബന്ധിച്ച് അന്വേഷണം പൂർത്തിയായി;

(ഡി) ഏതൊക്കെ സ്ഥാപനങ്ങളെ സംബന്ധിച്ച് കോടതിയിൽ കുറ്റ പത്രം നൽകിയിട്ടുണ്ട്;

(ഇ) ബന്ധപ്പെട്ട വകുപ്പുമേധാവികൾ ഏതൊക്കെ സ്ഥാപനങ്ങളിലെ പരാതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്തു;

(എഫ്) ഇതിൽ ഏതൊക്കെ അംഗീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയ തദ്ദേശഭരണ സ്ഥാപ നങ്ങളെ സംബന്ധിച്ച് വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.†

(ബി)&(സി) അന്വേഷണം പൂർത്തിയാക്കിയ കേസ്സുകളുടെ വിവരങ്ങൾ അനുബന്ധം (ബി) യിൽ ചേർത്തിരിക്കുന്നു.† അനുബന്ധം (എ) യിൽ പറ യുന്ന മറ്റു കേസ്സുകളിലെ അന്വേഷണം നടന്നുവരുന്നു.

(ഡി) കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(ഇ)&(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly